| വർക്ക്ഷീറ്റ് 5 | അടിസ്ഥാനപാഠാവലി | 03-08-2020 |
| --- | --- | --- |

# പ്ലാവിലക്കഞ്ഞി

ക്ലാസ് കാണാൻ വിക്ടേഴ്സ് ഐക്കൺ ക്ലിക്ക്ചെയ്യുക/ക്യൂ.ആർ കോഡ് സ്കാൻ ചെയ്യുക

KITE VICTERS

1.പ്ലാവിലക്കഞ്ഞി എന്ന പാഠഭാഗത്തിൽ നിങ്ങൾക്കേറെ ഇഷ്ടപ്പെട്ട ഭാഗം ആശയം ഉൾക്കൊണ്ട് ഭാവാത്മകമായി വായിച്ച് ടീച്ചർക്ക് അയച്ചു കൊടുക്കൂ... / ക്ലാസ് ഗ്രൂപ്പിലിടൂ...

2.“പത്തു ദിവസമായിയെന്ന്, അരിയിട്ടു തിളപ്പിച്ച വെള്ളം കുടിച്ചിട്ട് !”
- **അരിയിട്ടു തിളപ്പിച്ച വെള്ളം** എന്ന പ്രയോഗം കഥാസന്ദർഭത്തിന് എത്രമാത്രം യോജിക്കുന്നു? ‘കഞ്ഞി’ എന്ന പദം ഈ പ്രയോഗത്തിന് പകരം വെയ്ക്കാൻ കഴിയുമോ? സ്വാഭിപ്രായം കുറിക്കൂ.

3.“എന്നാൽ ഏനം കുടിക്കത്തില്ല.”
“ഏൻ ഇന്നലെ ഒരു മൊറം നെയ്തു വെച്ചിരുന്നു.അതു കൊടുത്തിട്ട് ഏഴുചക്രം കിട്ടി.”
“അച്ഛൻ ചുമ്മാ പറയുവാ, ഏനം കുടിച്ചു.”
- മുകളിൽ കൊടുത്ത സൂചനകളും പാഠഭാഗത്തെ മറ്റു സന്ദർഭങ്ങളും വിശകലനം ചെയ്ത് ചിരുത എന്ന കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ കണ്ടെത്തി എഴുതുക.

4.“അതെയതെ, ഏൻ ഇത് ഇന്നും കണ്ടു.”
ഏത് കാര്യത്തിലാണ് അപ്പനും മകനും ഇങ്ങനെ ഒരേ അഭിപ്രായത്തിലെത്തുന്നത് ? സന്ദർഭം കുറിക്കുക.

5.“അതെന്തൊരു അക്ഷന്തവ്യമായ അപരാധമാണ്.”
“ആ കുറ്റം കോരൻ ഏറ്റു. അത് ശരിയാണ്.”
- കോരന് കുറ്റബോധം തോന്നുന്ന രണ്ട് വ്യത്യസ്ത സന്ദർഭങ്ങളാണ് ഇവ.കോരന്റെ ഇത്തരം ചിന്തകൾ വർത്തമാനകാലത്ത് എത്രത്തോളം പ്രസക്തമാണ് ? അഭിപ്രായം എഴുതൂ...



Prepared by Titur Sub District

**6.**"ദരിദ്രനെങ്കിലും അധ്വാനശീലനായ ഒരു തൊഴിലാളിയെയും ഉത്തരവാദിത്തമുള്ള ഒരു കുടുംബനാഥനെയും സ്നേഹധനനായ ഒരു മകനെയും കോരൻ എന്ന കഥാപാത്രത്തിൽ നമുക്ക് കാണാൻ കഴിയും." - ഈ പ്രസ്താവനയും പാഠസന്ദർഭങ്ങളും വിശകലനം ചെയ്ത് കോരൻ എന്ന കഥാപാത്രത്തെക്കുറിച്ച് ഒരു നിരൂപണം തയ്യാറാക്കുക.

**7.**"ഏന്ന മേണ്ട."
"എന്നാല് ഏനം കുടിക്കത്തില്ല."
"ഏന്ന മയറ്റില് ഒരു കമ്പിതമെടീ."
- ഇത്തരം പ്രാദേശിക സംസാരഭാഷയുടെ പ്രയോഗം നോവലിനെ ആകർഷകമാക്കുന്നില്ലേ? പാഠഭാഗത്തു വരുന്ന പ്രാദേശികപദങ്ങൾ കണ്ടെത്തൂ... സമാനമായ മാനകപദങ്ങൾ കൂടി കണ്ടെത്തി താഴെ കൊടുത്ത പട്ടിക പൂരിപ്പിക്കൂ..

| പ്രാദേശികപദം | മാനകപദം |
|---|---|
| മേണ്ട | വേണ്ട |
| പാം | പോകാം |
| കഞ്ഞോള്ളം | കഞ്ഞിവെള്ളം |
| | |
| | |

ഇങ്ങനെ നിങ്ങളുടെ നാട്ടിലും ഇല്ലേ നാടിന്റേതായ ഭാഷാഭേദങ്ങൾ... ? അവയും മുകളിൽ കൊടുത്തതു പോലെ പട്ടികപ്പെടുത്തൂ. ക്ലാസിലെ എല്ലാവരുടേയും പട്ടിക ക്രോഡീകരിച്ച് നമുക്കൊരു ഭാഷാഭേദ നിഘണ്ടു തയാറാക്കാം.

| പ്രാദേശികപദം | മാനകപദം |
|---|---|
| | |
| | |
| | |
| | |
| | |